എ.വൈ.ആർ

അനാവശ്യമായി ഉറക്കമൊഴിക്കുന്നത് അനാശാസ്യമാകുന്നതുപോലെ സൽക്കർമങ്ങൾക്ക് വേണ്ടി ഉറക്കമൊഴിക്കുന്നത് അഭികാമ്യവുമാകുന്നു. രാത്രി ഏറെ നേരം ആരാധനയനുഷ്ഠിക്കുന്നത് ആത്മശുദ്ധിക്കും മനോബലത്തിനും സഹായകമാകുന്നു. രാത്രി ദീർഘമായി ഖുർആൻ പാരായണം ചെയ്തുകൊണ്ട് നമസ്കാരത്തിൽ കഴിച്ചുകൂട്ടാൻ അല്ലാഹു പ്രവാചകനെ ഉപദേശിച്ചിട്ടുണ്ട്.



أَلَمْ تَرَ إِلَىٰ رَبِّكَ كَيْفَ مَدَّ الظِّلَّ وَلَوْ شَاءَ لَجَعَلَهُ سَاكِنًا ثُمَّ جَعَلْنَا الشَّمْسَ عَلَيْهِ دَلِيلًا ﴿٤٥﴾

**45.** നീ കണ്ടില്ലയോ, നിന്റെ വിധാതാവ് നിഴലിനെ പരത്തിയതെങ്ങനെയെന്ന്. അവനു വേണമെങ്കിൽ അതിനെ നിശ്ചലമാക്കി നിർത്താമായിരുന്നു. പിന്നെ നാം സൂര്യനെ അതിന്റെ വഴികാട്ടിയായി നിശ്ചയിച്ചു.

ثُمَّ قَبَضْنَاهُ إِلَيْنَا قَبْضًا يَسِيرًا ﴿٤٦﴾

**46.** പിന്നെ അതിനെ മന്ദംമന്ദം നമ്മിലേക്ക് ചുരുട്ടി.

**45,46**

أَلَمْ تَرَ = നീ കണ്ടില്ലയോ? إِلَىٰ رَبِّكَ = നിന്റെ വിധാതാ(വ്)വിലേക്ക് كَيْفَ = എങ്ങനെയെന്ന്
مَدَّ الظِّلَّ = അവൻ നിഴലിനെ പരത്തി(യത്) وَلَوْ شَاءَ = അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ (വേണമെങ്കിൽ)
لَجَعَلَهُ سَاكِنًا = തീർച്ചയായും അതിനെ നിശ്ചലമായതാക്കു(ലമാക്കിനിർത്താ)മായിരുന്നു
ثُمَّ جَعَلْنَا الشَّمْسَ = പിന്നെ നാം സൂര്യനെ ആക്കി (നിശ്ചയിച്ചു) عَلَيْهِ دَلِيلًا = അതി(ന്റെ)മേൽ വഴികാട്ടി(യായിട്ട്)
ثُمَّ قَبَضْنَاهُ = പിന്നെ നാം അതിനെ പിടിച്ചെടുത്തു(ചുരുട്ടി)
إِلَيْنَا قَبْضًا يَسِيرًا = നമ്മിലേക്ക് മൃദുലമായ പിടിച്ചെടുക്കൽ (മന്ദംമന്ദം)

ഇവിടെ 'നീ' എന്ന് സംബോധന ചെയ്യുന്നത് പ്രവാചകനെ തനിച്ചല്ല, ഈ സൂക്തങ്ങൾ കേൾക്കുന്ന ഓരോ വ്യക്തിയെയുമാണ്. പ്രവാചകത്വവും പ്രവാചകസന്ദേശവും സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന ചരിത്രസംഭവങ്ങൾ ഉദ്ധരിച്ച ശേഷം ആ യാഥാർഥ്യങ്ങൾ പ്രകാശിപ്പിക്കുന്ന ചില പ്രാപഞ്ചിക പ്രതിഭാസങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. നിഴലും വെയിലും സൂര്യനും രാപ്പകലുകളും ഉറക്കവും ഉണർവുമാണ് ആദ്യം പരാമർശിക്കുന്നത്.

നേരത്തേ സൂറഃ *അന്നഹ്ൽ* 48-ാം സൂക്തത്തിലും അതിനുമുമ്പ് *അർറഅ്ദ്* 15-ാം സൂക്തത്തിലും നിഴൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനൊഴിച്ച് പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും-വസ്തുക്കളുടെ നിഴലുകളടക്കം-ബോധപൂർവമായും അല്ലാതെയും അല്ലാഹുവിന് പ്രണാമം ചെയ്തുകൊണ്ടിരിക്കുകയാണെന്നും, മനുഷ്യൻ അതിനു വിസമ്മതിക്കുമ്പോഴും അവന്റെ നിഴലുകൾ പ്രണാമം ചെയ്യുന്നുണ്ടെന്നുമാണ് അവിടെ പ്രസ്താവിച്ചത്. നിരുപാധികമായ അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും ആത്യന്തികരൂപമാണ് പ്രണാമം. നിഴലിന്റെ വിധേയത്വം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ ചർച്ചചെയ്തിരിക്കുന്നു. അന്ത്യപ്രവാചകൻ പ്രബോധനം ചെയ്യുന്ന ദൈവത്തിന്റെ ഏകത്വം, മനുഷ്യന്റെ മരണാനന്തര ജീവിതം തുടങ്ങിയ തത്ത്വങ്ങളെ സാക്ഷ്യപ്പെടുത്തുന്ന പ്രാപഞ്ചിക ദൃഷ്ടാന്തം എന്ന നിലയിലാണ് ഇവിടെ ഇതനുസ്മരിക്കുന്നത്. സൂര്യകിരണങ്ങളും താപവും അതാര്യമായ വസ്തുക്ക

ളാൽ തടയപ്പെടുമ്പോൾ ആ വസ്തുക്കളുടെ മറുവശത്ത് ദൃശ്യമാകുന്ന പ്രതിഭാസമാണ് ظل . മലയാളത്തിൽ നിഴലെന്നും തണലെന്നും ഛായയെന്നും പറയുന്നു. നിഴൽ കാഴ്ചയെ തടയുകയില്ല. കാഴ്ചയെ തടയും മട്ടിൽ കട്ടികൂടിയാൽ നിഴൽ ഇരുട്ട്- ظلمة -ആകുന്നു. ഭൂമിയുടെ ഒരു ഭാഗം മറുവശത്തേക്കുള്ള സൂര്യകിരണത്തെ പൂർണമായി തടയുമ്പോഴുണ്ടാകുന്നത് ഇരുട്ട്- ظلمة -ആണ്. കൺപോളകൾ കൊണ്ട് കാഴ്ചയെ തടയുമ്പോൾ അനുഭവപ്പെടുന്നതും അതുതന്നെ. ഇവിടെ ظل കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് പുലർകാലം മുതൽ സന്ധ്യ മയങ്ങിക്കഴിയും വരെ സൂര്യായനം മൂലം പദാർഥങ്ങളുടെ മറുവശത്തുളവാകുന്ന തണലിനെയാണ്. പുലർകാലത്ത് അല്ലാഹു സർവത്ര നിഴൽ പരത്തിയിരിക്കും. പിന്നെ ഉദയത്തോടെ സൂര്യൻ നിഴലിനെ നയിക്കുന്നു. جَعَلْنَا الشَّمْسَ عَلَيْهِ دَلِيلًا (നാം സൂര്യനെ അതിന്റെ വഴികാട്ടിയാക്കി) എന്നാണ് മൂലവാക്യം. വഴികാട്ടി, മുന്നോടി, തെളിവ് എന്നെല്ലാമാണ് دَلِيل -ന്റെ ഭാഷാർഥം. ഉദിച്ചുയർന്ന സൂര്യൻ അതിന്റെ സഞ്ചാരദിശക്കൊത്ത് വസ്തുക്കളുടെ നിഴലുകളെ എതിർദിശയിൽ ചുരുക്കിക്കൊണ്ടിരിക്കുന്നു. സൂര്യൻ ഉയരുംതോറും ചുരുങ്ങിച്ചുരുങ്ങി വരുന്ന നിഴൽ ഒടുവിൽ തീരെ ഇല്ലാതാകുന്നു. മധ്യാഹ്നം പിന്നിടുമ്പോൾ നിഴലുകൾ എതിർവശത്ത് പ്രത്യക്ഷപ്പെടുന്നു. അതു നീണ്ടുനീണ്ട് സർവത്ര പരക്കുകയും ഒടുവിൽ ഇരുട്ടിൽ വിലയം പ്രാപിക്കുകയും ചെയ്യുന്നു. നിഴൽ എന്നൊരു പ്രതിഭാസം ഇല്ലായിരുന്നുവെങ്കിൽ, പ്രാപഞ്ചിക പദാർഥങ്ങളെല്ലാം 'സ്ഫടികം' പോലെ സുതാര്യമായിരുന്നുവെങ്കിൽ ഈ ഭൂമിയിൽ ജീവിതം അസാധ്യമാകുമായിരുന്നു. നിഴലിനെ നിശ്ചലമാക്കി നിർത്തിയാലും ഫലം അതുതന്നെയായിരിക്കും. ഭൂമിയിലെങ്ങും എപ്പോഴും സൂര്യോദയത്തിനു മുമ്പുള്ള അവസ്ഥയായിരിക്കുമല്ലോ അത്. നിഴലിന്റെ ഈ ചാക്രിക സ്വഭാവം യാദൃച്ഛികമായി ഉണ്ടായതല്ല. അല്ലാഹു ആസൂത്രിതമായി അങ്ങനെ സംവിധാനിച്ചതാണ്. നിഴലിനെക്കുറിച്ചും അതിന്റെ മാറ്റങ്ങളെക്കുറിച്ചും അത് ഭൂമിയുടെ ജൈവികതക്കു നൽകുന്ന സംഭാവനകളെക്കുറിച്ചും ആലോചിച്ചുനോക്കിയാൽ അത് ഏകനായ ഒരു ദൈവത്തിന്റെ സമർഥമായ സംവിധാനമാണെന്ന് ബോധ്യപ്പെടും. ഇല്ലാതാകുന്ന നിഴൽ പിന്നെ മറുവശത്ത് പ്രത്യക്ഷ്യപ്പെടുന്നതിലും ചക്രവാളത്തിലേക്ക് നീണ്ടുപോകുന്നതിലും മരണാനന്തര ജീവിതത്തിന്റെ ഉദാഹരണവും കാണാം.

അല്ലാഹുവിന് വേണമെങ്കിൽ നിഴലിനെ നിശ്ചലമാക്കി നിർത്താം. അല്ലെങ്കിൽ വസ്തുക്കൾക്ക് നിഴലേ വേണ്ടെന്നുവെക്കാം. രണ്ടിനും അവന് കഴിവും അധികാരവുമുണ്ട്. പക്ഷേ, ഈ ഭൂമി അവൻ ഉദ്ദേശിച്ചവിധം ജൈവികമാകുന്നതിന് നിഴൽ പരത്തേണ്ടതും പിന്നെ ചുരുക്കിച്ചുരുക്കി ഇല്ലാതാക്കേണ്ടതും അനിവാര്യമാകുന്നു. قَبَضْنَاهُ إِلَيْنَا قَبْضًا يَسِيرًا (പിന്നെ നമ്മിലേക്ക് ഒരു മൃദുലമായ പിടി പിടിക്കുന്നു) എന്നാണ്. നിഴലിന്റെ മന്ദഗതിയിലുള്ള തിരോധാനത്തെയാണ് يَسِيرًا -മൃദുലമായ-എന്ന പദം സൂചിപ്പിക്കുന്നത്. അല്ലാഹു വസ്തുക്കളെ ഇല്ലാതാക്കുന്നതിന് തന്നിലേക്ക് മടക്കുക എന്ന് പറയുക സാധാരണമാണ്. ഇല്ലാതാകുന്നതൊന്നും യഥാർഥത്തിൽ ഇല്ലാതാകുന്നില്ല. ഏതു കേന്ദ്രത്തിൽനിന്നാണോ ഉണ്ടായത് ആ കേന്ദ്രത്തിലേക്കു തന്നെ മടങ്ങുകയാണ്. നിഴലിന്റെ സാന്ദ്രീകൃത രൂപമാണ് രാത്രി. രാത്രിയുടെ വിപരീതമാണ് പകൽ. രാപ്പകൽ ഭേദത്തിലടങ്ങിയ ദൈവിക ദൃഷ്ടാന്തങ്ങളെക്കുറിച്ച് ആലോചിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് പറയുന്നു:

أَرَأَيْتُمْ إِنْ جَعَلَ اللَّهُ عَلَيْكُمُ اللَّيْلَ سَرْمَدًا إِلَىٰ يَوْمِ الْقِيَامَةِ مَنْ إِلَٰهٌ غَيْرُ اللَّهِ يَأْتِيكُمْ بِضِيَاءٍ ۖ أَفَلَا تَسْمَعُونَ ﴿٧١﴾ قُلْ أَرَأَيْتُمْ إِنْ جَعَلَ اللَّهُ عَلَيْكُمُ النَّهَارَ سَرْمَدًا إِلَىٰ يَوْمِ الْقِيَامَةِ مَنْ إِلَٰهٌ غَيْرُ اللَّهِ يَأْتِيكُمْ بِلَيْلٍ تَسْكُنُونَ فِيهِ ۖ أَفَلَا تُبْصِرُونَ ﴿٧٢﴾ وَمِنْ رَحْمَتِهِ جَعَلَ لَكُمُ اللَّيْلَ وَالنَّهَارَ لِتَسْكُنُوا فِيهِ وَلِتَبْتَغُوا مِنْ فَضْلِهِ وَلَعَلَّكُمْ تَشْكُرُونَ ﴿٧٣﴾

(പ്രവാചകൻ അവിശ്വാസികളോട് ചോദിക്കുക: അല്ലാഹു, ഉയിർത്തെഴുന്നേൽപ്പുനാൾ വരെ ഇരവിനെ നിങ്ങളുടെ മേൽ സ്ഥിരപ്പെടുത്തി നിർത്തിയിരുന്നുവെങ്കിൽ, നിങ്ങൾക്ക് വെളിച്ചം പകർന്നുതരാൻ അല്ലാഹുവല്ലാത്ത മറ്റേതു ദൈവമാണുള്ളത്; നിങ്ങൾ കേൾക്കുന്നില്ലയോ? ചോദിക്കുക: അല്ലാഹു ഉയിർത്തെഴുന്നേൽപ്പുനാൾ വരെ പകലിനെ നിങ്ങളുടെ മേൽ സ്ഥിരപ്പെടുത്തി നിർത്തിയാൽ നിങ്ങൾക്ക് വിശ്രമിക്കാൻ രാവിനെ തരുവാൻ അല്ലാഹുവല്ലാത്ത മറ്റേതു ദൈവമാണുള്ളത്? നിങ്ങൾ നിരീക്ഷിക്കുന്നില്ലയോ? രാവിൽ വിശ്രമിക്കാനും പകലിൽ വിധാതാവിന്റെ അനുഗ്രഹം തേടാനും നിങ്ങൾക്ക് രാപ്പകലുകളുണ്ടാക്കിത്തന്നത് അവന്റെ കരുണയാലാകുന്നു; നിങ്ങൾ നന്ദിയുള്ളവരാകാൻ-28:71-73). ■

وَهُوَ الَّذِي جَعَلَ لَكُمُ اللَّيْلَ لِبَاسًا وَالنَّوْمَ سُبَاتًا وَجَعَلَ النَّهَارَ نُشُورًا ﴿٤٧﴾

**47.** അവൻ തന്നെയാകുന്നു നിങ്ങൾക്കു ഇരവിനെ വസ്ത്രവും നിദ്രയെ വിശ്രാന്തിയും പകലിനെ ഉന്മേഷവേളയുമാക്കിത്തന്നത്.

**47**

وَهُوَ = അവൻ തന്നെയാകുന്നു الَّذِي جَعَلَ لَكُمُ اللَّيْلَ = ഇരവിനെ നിങ്ങൾക്ക് ആക്കിത്തന്ന(ത്)വൻ

لِبَاسًا = വസ്ത്രം وَالنَّوْمَ = നിദ്രയെ سُبَاتًا = വിശ്രാന്തിയും وَجَعَلَ النَّهَارَ = പകലിനെ ആക്കിത്തന്നതും

نُشُورًا = ഉണർവ്(വിന്റെ), ഉയിർത്തെഴുന്നേൽപ് (ഉന്മേഷവേളയും)

രാവിനെ വസ്ത്രവും നിദ്രയെ വിശ്രാന്തിയും പകലിനെ ഉണർവുമാക്കിത്തന്നു എന്ന വചനം മുകളിൽ പറഞ്ഞ ആശയത്തെ മറ്റൊരു ശൈലിയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ശരീരം മറക്കാനും സംരക്ഷിക്കാനുമുള്ള ഉപാധിയാണ് വസ്ത്രം. വസ്ത്രം ധരിച്ചാലും കുറേ ശരീരഭാഗങ്ങളിൽ പ്രകാശകിരണങ്ങൾ പതിക്കുന്നുണ്ടാകും. ശരീരത്തോടൊപ്പം ചുറ്റുപാടിനെക്കൂടി മറക്കുന്ന വസ്ത്രമാണ് ഇരുട്ട്. ഇരുട്ടിൽ നിങ്ങൾ ഉടുപ്പ് ധരിച്ചിട്ടില്ലെങ്കിലും ശരീരം മറഞ്ഞിരിക്കും. പ്രകാശകിരണം തീരെ സ്പർശിക്കുകയില്ല. കുറേ സമയം ശരീരവും ചുറ്റുപാടും മറഞ്ഞിരിക്കേണ്ടതും ജൈവികമായ ഒരാവശ്യമാകുന്നു. ഇടതടവില്ലാതെ പതിക്കുന്ന പ്രകാശകിരണങ്ങൾ ശരീരത്തിനും ദോഷം ചെയ്യും. പണ്ടു മുതലേ ആളുകൾ വിളക്ക് കെടുത്തി ഉറങ്ങാൻ ശീലിച്ചത് അതുകൊണ്ടാണ്. നബി (സ) പ്രസ്താവിച്ചതായി ബുഖാരി ഉദ്ധരിക്കുന്നു: اطفؤا المصابيح اذ أرقدتم (നിങ്ങൾ ഉറങ്ങുമ്പോൾ വിളക്കു കെടുത്തണം). പൂർണവിശ്രമത്തിനും സുഖസുഷുപ്തിക്കും ഇരുട്ടാണ് കൂടുതൽ സഹായകം. വിശ്രമിക്കാനും ഉറങ്ങാനും സൗകര്യമൊരുക്കുക രാവിന്റെ ധർമമാണ്. രാവുകാലം മുഴുവൻ ഉറങ്ങണമെന്നല്ല. ശരീരസ്ഥിതി ആവശ്യപ്പെടുന്നത്ര-ക്ഷീണമകറ്റാനും നവോന്മേഷം ആർജിക്കാനും ആവശ്യമായത്ര ഉറങ്ങണം. അനാവശ്യമായി ഉറക്കമിളക്കുന്നത് അഹിതമായ നടപടികളലേക്ക് നയിക്കും. പാതിരാവു വരെ സഭകൂടി വെടിപറഞ്ഞിരിക്കുന്നത് നബി (സ) വിലക്കിയിരിക്കുന്നു. രാവിനെ ദുർനടത്തങ്ങൾ മറക്കാനുള്ള വസ്ത്രമായും ഉപയോഗിക്കുന്നുണ്ട്. മദ്യപാന സഭകളും ചൂതാട്ട കേന്ദ്രങ്ങളും അശ്ലീല നൃത്തശാലകളും വ്യഭിചാരകേന്ദ്രങ്ങളുമെല്ലാം സജീവമാകുന്നത് പണ്ടെന്നപോലെ ഇന്നും രാത്രികാലത്താണ്. അനാവശ്യമായി ഉറക്കമൊഴിക്കുന്നത് അനാശാസ്യമാകുന്നതുപോലെ സൽക്കർമങ്ങൾക്ക് വേണ്ടി ഉറക്കമൊഴിക്കുന്നത് അഭികാമ്യവുമാകുന്നു. രാത്രി ഏറെ നേരം ആരാധനയനുഷ്ഠിക്കുന്നത് ആത്മശുദ്ധിക്കും മനോബലത്തിനും സഹായകമാകുന്നു. രാത്രി ദീർഘമായി ഖുർആൻ പാരായണം ചെയ്തുകൊണ്ട് നമസ്കാരത്തിൽ കഴിച്ചുകൂട്ടാൻ അല്ലാഹു പ്രവാചകനെ ഉപദേശിച്ചിട്ടുണ്ട്. സുകൃതരുടെ സ്വഭാവം ഖുർആൻ വർണിക്കുന്നു:

كَانُوا قَلِيلًا مِنَ اللَّيْلِ مَا يَهْجَعُونَ ﴿١٧﴾ وَبِالْأَسْحَارِ هُمْ يَسْتَغْفِرُونَ ﴿١٨﴾

(രാത്രികാലത്ത് അവർ കുറച്ചുനേരമേ ഉറങ്ങാറുള്ളൂ. രാവിന്റെ അന്ത്യയാമങ്ങളിൽ പാപമോചനത്തിനു വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കും-51:17,18).

ഗാഢനിദ്രയും വിശ്രമവുമാണ് سبات . ഹീബ്രു പദമായ സാബ്ബത്തിൽനിന്ന് ഉത്ഭവിച്ചതാണിത്. ആറുനാൾകൊണ്ട് പ്രപഞ്ചം സൃഷ്ടിച്ച ദൈവം ഏഴാം നാൾ വിശ്രമിച്ചുവെന്നാണ് യഹൂദ സങ്കൽപം. ആ വിശ്രമദിവസമാണ് സാബ്ബത്ത് (ശനിയാഴ്ച). അറബിയിൽ ശനിയാഴ്ചക്ക് يوم السبت എന്നു പറയുന്നു. ഛേദനം എന്നും سبت -ന് അർഥമുണ്ട്. പ്രയത്ന വിഛേദമാണ് സാബ്ബത്ത്. പ്രകൃതി ഒരുക്കിത്തന്ന വിശ്രമവേളയാണ് രാവ്. ബാഹ്യപ്രയത്നങ്ങളിൽനിന്ന് ഒഴിവായി മനുഷ്യൻ അത് ആസ്വദിക്കുന്നു. ശരീരാവയവങ്ങളുടെയും കോശങ്ങളുടെയും വിശ്രമമാണ് നിദ്ര. മനുഷ്യനെ സംബന്ധിച്ചേടത്തോളം രാത്രിയാകുന്ന വസ്ത്രത്തേക്കാൾ വലിയ അനുഗ്രഹമാണ് നിദ്രയാകുന്ന ആഭ്യന്തര വിശ്രമം. ഈ രണ്ടു വിശ്രമങ്ങളും സാധിക്കുന്നതെങ്ങനെയെന്നും അവ മനുഷ്യന്റെയും പ്രകൃതിയുടെയും നിലനിൽപ്പിൽ ചെലുത്തുന്ന സ്വാധീനമെന്തെന്നും ചിന്തിച്ചുനോക്കിയാൽ തെളിഞ്ഞുവരിക അല്ലാഹുവിന്റെ അപാരമായ സൃഷ്ടിവൈഭവവും ആസൂത്രണപാടവവുമാണ്. ഉയിർത്തെഴുന്നേൽപ്പ്, ഉണർവ്, വ്യാപരിക്കൽ തുടങ്ങിയ ആശയങ്ങളുള്ള പദമാണ് نشور . ഈ ആശയങ്ങളെല്ലാം ഇവിടെ ഉദ്ദേശ്യമാകുന്നു. ഉറങ്ങാനും വിശ്രമിക്കാനും ഉതകുംവണ്ണം രാവിനെ സംവിധാനിച്ചതുപോലെ, ഉണരാനും പരിശ്രമിക്കാനും പറ്റിയവിധം പകലിനെ പ്രകാശമാനവും ഊഷ്മളവുമായി സംവിധാനിച്ചുതന്നിരിക്കുന്നു. പരിശ്രമത്തിന്റെയും വിശ്രമത്തിന്റെയും വേളകൾ ഇങ്ങനെ ഇടവിട്ടു സംവിധാനിച്ചിരുന്നില്ലെങ്കിൽ, ദൈർഘ്യം മൂലം രണ്ടിലും മനുഷ്യൻ മുഷിയുകയും ക്രമേണ നിഷ്ക്രിയനാവുകയും ചെയ്യുമായിരുന്നു. പകൽ അധ്വാനിച്ച് ക്ഷീണിതനായ മനുഷ്യൻ രാത്രി ഗാഢനിദ്രയിലാണ്ട ശേഷം പുലർകാലത്ത് ഉണരുമ്പോൾ വീണ്ടും ഊർജസ്വലനും ഉത്സാഹിയുമായ പുതിയൊരു മനുഷ്യനായിത്തീരുന്നു. ഇമാം സമഖ്ശരി سبات -ന് മരണം എന്നർഥം നൽകിയിട്ടുണ്ട്. ഉറക്കത്തെ ലഘു മരണവും ഉണർവിനെ ഉയിർത്തെഴുന്നേൽപ്പുമായിട്ടാണ് അദ്ദേഹം കാണുന്നത്. യഥാർഥ മരണത്തിന്റെയും അനന്തരമുണ്ടാകുന്ന ഉയിർത്തെഴുന്നേൽപ്പിന്റെയും ദൃഷ്ടാന്തവും കൂടിയാണ് ഈ പ്രതിഭാസം. പ്രഭാതത്തിൽ ഉണർന്നയുടനെ നബി (സ) ഇങ്ങനെ പ്രാർഥിക്കാറുണ്ടായിരുന്നു: الحمدلله الذي أحيانا بعدما أماتنا و إليه النّشور (നമ്മെ മരിപ്പിച്ച ശേഷം ജീവിപ്പിച്ച അല്ലാഹുവിന് സർവ സ്തുതിയും. അവങ്കലേക്കു തന്നെ നാം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നു). ■